ഡോക്ടർ എ. ആർ. മേനോൻ : മിക്കവാറും അങ്ങിനെ ചെയ്യുവാനുള്ള ആർഡർതന്നെ കൊടുത്തിട്ടുണ്ട്. ഒഴിവുള്ളതുപോലെയും അപേക്ഷകരുടെ യോഗ്യതപോലെയും കൊടുത്തുകൊള്ളണമെന്നു് ആർഡർ അയച്ചിട്ടുണ്ട്".

മിസ്റ്റർ കെ. എസ്സ്. പണിക്കർ : വാർഡന്മാരിൽ എത്ര ആളുകളെ പിരിച്ചിട്ടുണ്ടു് ?

ഡോക്ടർ എ. ആർ. മേനോൻ : നാലഞ്ചുപേരൊഴികെ ബാക്കി ആളുകളെയെല്ലാം പിരിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പിരിച്ചുവിട്ടവർ ഏതു സമുദായത്തിൽ പെട്ടവരാണു് ?

ഡോക്ടർ എ. ആർ. മേനോൻ : പല സമുദായക്കാരുമുണ്ടു്. പ്രധാനമായിട്ടുള്ള സ്ഥലങ്ങളൊഴികെ ബാക്കിയുള്ള സ്ഥലങ്ങളിലെ വാർഡന്മാരെയെല്ലാം പിരിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പിരിച്ചുവിട്ടവരിൽ അധ്യേതർ എത്രയുണ്ടു് ?

ഡോക്ടർ എ. ആർ. മേനോൻ : ആരുമില്ല.

മിസ്റ്റർ എ. ഇ‌ച്ചരമേനോൻ : വാർഡന്മാരുടെ ജോലി എന്താണു് ?

ഡോക്ടർ എ. ആർ. മേനോൻ : അധ്യേതക്കു വേണ്ടുന്ന ഉപദേശങ്ങൾ കൊടുക്കുകയാണു്. ഇപ്പോൾ മാനേജർ എന്ന പേരിലാണു് ചിലരെ വെച്ചിട്ടുള്ളതു്. വാർഡന്മാരെ പിരിച്ചുവിടുവാൻ അഡ്വൈസറി കമ്മറ്റി പറഞ്ഞതനുസരിച്ചാണു ചെയ്തിട്ടുള്ളതു്. അവർ പറഞ്ഞതിനേടു ഞാനും യോജിച്ചാണു ചെയ്തതു്.

VETERINARY AID—CRANGANUR—FACILITIES FOR

63. Mr. V. K. Bhaskara Menon *(Cranganur):* Will the Government be pleased to state whether there are any facilities for Veterinary aid at Cranganur?

Dr. A. R. Menon *(Minister for Rural Development):* At present there are no facilities. But, Government propose to open a Veterinary Dispensary at Cranganur this year.

ADUR PANCHAYAT PRESIDENT—PARTICULARS REGARDING

64. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സഭയെ മറുപടി പറയുമോ.—

(എ) അടൂർ പഞ്ചായത്തു കോട്ടിലെ ഇപ്പോഴത്തെ പ്രസിഡണ്ടു് ആരാണു് ;

(ബി) ഇദ്ദേഹം പ്രസിഡണ്ടാകുന്നതിനു മുമ്പു് പ്രസിഡണ്ടു് ആരായിരുന്നു ;

(സി) അദ്ദേഹം രാജിവെച്ചതിനുശേഷമാണോ ഇപ്പോഴത്തെ പ്രസിഡണ്ടു്, പ്രസിഡണ്ടുസ്ഥാനാരോഹണം ചെയ്തതു് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോഴത്തെ പ്രസിഡണ്ടിനെ ഗവണ്മെണ്ടിൽനിന്നു നിയമിച്ചതൊ പഞ്ചായത്തു ജഡ്ജിമാർ തിരഞ്ഞെടുത്തതൊ;

(ഇ) ഇപ്പോഴത്തെ പ്രസിഡണ്ടു് ഒരു സ്കൂൾമാസ്റ്ററല്ലേ;

(എഫ്) അദ്ദേഹം ഇപ്പോൾ തൃശ്ശൂർ രാമവർമ്മപുരത്തു ടെയിനിംഗിനു പോയിരിക്കുകയല്ലേ;

(ജി) ആദ്യത്തെ കോട്ട് പ്രസിഡണ്ടിനെ ഒഴിവാക്കി ഇപ്പോഴത്തെ പ്രസിഡണ്ടിനെ നിയമിക്കുവാനുള്ള പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടൊ; ഉണ്ടെങ്കിൽ എന്തെല്ലാം;

(എച്ച്) പഞ്ചായത്തു ജഡ്ജിമാരാൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പ്രസിഡണ്ടും മന്ത്രി അവർകൾ നിയമിച്ച ഇപ്പോഴത്തെ പ്രസിഡണ്ടും ഏതേതു സമുദായത്തിൽ പെട്ടവരാണു്?

ഡോക്ടർ എ. ആർ. മേനോൻ: (എ) മിസ്റ്റർ പന്നമ്പിള്ളി കൃഷ്ണമേനോൻ കൃഷ്ണൻകുട്ടിമേനോൻ.

(ബി) ഇതിനുമുമ്പു അന്നമനട ഗ്രൂപ്പു കോടതിയായിരുന്നു. ആ കോട്ടിലെ പ്രസിഡണ്ടു് മിസ്റ്റർ കണ്ണമ്പിള്ളി ഒരുസേപ്പു് കോരുതു ആയിരുന്നു.

(സി) അല്ല.

(ഡി) പഞ്ചായത്തു പ്രസിഡണ്ടായി തിരഞ്ഞെടുത്തു. ഇപ്രകാരമുള്ള ബാക്കി കോടതികളിലെ മാതിരി പഞ്ചായത്തു പ്രസിഡണ്ടിനെ പഞ്ചായത്തു ആക്ടിലെ നിബ്ബന്ധങ്ങളനുസരിച്ചു കോടതി പ്രസിഡണ്ടായി നിയമിച്ചു.

(ഇ) അതെ.

(എഫ്) അതെ.

(ജി) ആദ്യത്തെ കോട്ട് പ്രസിഡണ്ടിനെ ഒഴിവാക്കീട്ടില്ല. അഡൂർ കോടതി വേർതിരിച്ചതോടുകൂടി ആദ്യത്തെ കോട്ട് പ്രസിഡണ്ടു് ഒഴിവായി.

(എച്ച്) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ. അഡൂർ പഞ്ചായത്തു പ്രസിഡൻറു് ഇപ്പോൾ രാമവർമ്മപുരത്തു ടെയിനിംഗിനു പോയിരിക്കുകയാണെന്നു പറഞ്ഞിട്ടുണ്ടു്. ഇതു അകലെ ഇരിക്കുന്ന ഒരാൾ എങ്ങിനെയാണു് പഞ്ചായത്തു പ്രസിഡൻറിന്റെ ജോലി നിർവ്വഹിക്കുന്നതു്?

Dr. A. R. Menon *(Minister for Rural Development)*: That does not arise from this question. You have given another question on the subject and I will give the answer when that comes up.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ കൃഷ്ണൻകുട്ടിമേനോൻ, ഗ്രൂപ്പു് കോട്ടായിരുന്ന കാലത്തു നടന്നിട്ടുള്ള തിരഞ്ഞെടുപ്പിലല്ലേ പഞ്ചായത്തുപ്രസിഡൻറായതു്?

ഡോക്ടർ എ. ആർ. മേനോൻ: അല്ല, അല്ല. ഇതു രണ്ടും വേർതിരിച്ചതിനു ശേഷം തിരഞ്ഞെടുത്തതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അഡൂരിൽ അന്നു് ഗ്രൂപ്പു് കോട്ടായിരുന്നില്ലേ ?

Dr. A. R. Menon *(Minister for Rural Development)*: You may draw your own inference.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അഡൂരിൽ സാധാരണ സിങ്കിം കോട്ടുള്ള പഞ്ചായത്തുകളിലെ തിരഞ്ഞെടുപ്പുപോലെയല്ല തിരഞ്ഞെടുപ്പു നടന്നിട്ടുള്ളതു്.

ഡോക്ടർ എ. ആർ. മേനോൻ : തിരഞ്ഞെടുപ്പു നടത്തുന്നതിനെ സംബന്ധിച്ചു് ഗവമ്മെണ്ടിലേക്കു റക്കമെൻഡു ചെയ്തു് എഴുതിയയക്കും. അതു ഗവമ്മെണ്ടു് അംഗീകരിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : സിങ്കിംകോട്ടുള്ള പഞ്ചായത്തുകളിൽ ഒരാൾ പഞ്ചായത്തു പ്രസിഡൻറും ഒരാൾ കോട്ടു പ്രസിഡൻറുമായിരിക്കും. കൃഷ്ണൻകുട്ടിമേനോനെ പഞ്ചായത്തു പ്രസിഡൻറായി തിരഞ്ഞെടുത്തപ്പോൾ അഡൂർ കോട്ടു്, ഗ്രൂപ്പു് കോട്ടായിരുന്നില്ലേ ; ഗ്രൂപ്പു് കോട്ടു് തിരഞ്ഞെടുപ്പും സിങ്കിം കോട്ടു് തിരഞ്ഞെടുപ്പും തമ്മിൽ വ്യത്യാസമില്ലേ ?

ഡോക്ടർ എ. ആർ. മേനോൻ : ഉണ്ടു്, വോർതിരിച്ചപ്പോൾ ഒരു പഞ്ചായത്തിൽ ഒരു പ്രസിഡൻറെ ഉണ്ടായിരിക്കുകയുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇങ്ങിനെയുള്ള കുഴപ്പങ്ങൾ നേരിടാതിരിക്കുവാനാണു് എമിക്കബിൾ സെറ്റിൽമെൻറു് പ്രകാരം ഒരാളെ പഞ്ചായത്തു പ്രസിഡൻറായും ഒരാളെ ഗ്രൂപ്പു് കോട്ടു് പ്രസിഡൻറായും തിരഞ്ഞെടുക്കുന്നതു്. അങ്ങിനെയുള്ള പതിവാണു് ഇപ്പോൾ നടന്നുവരുന്നതു്.

ഡോക്ടർ എ. ആർ. മേനോൻ : അങ്ങിനെ ഒരു പതിവില്ല. ചെയ്തുകൊള്ളണമെന്നു നിർബ്ബന്ധവുമില്ല. ചെയ്തുകൂടെന്നു നിർബ്ബന്ധിക്കുവാനുമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇപ്പോഴത്തെ പഞ്ചായത്തു പ്രസിഡൻറായിട്ടാണു തിരഞ്ഞെടുത്തതെന്നു് അറിവില്ലേ ?

ഡോക്ടർ എ. ആർ. മേനോൻ : അതൊന്നും വരുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതിലേക്കു് പ്രത്യേകിച്ചു് ഒരു ഏലക്ഷൻ വെക്കുവാൻ വല്ല വിരോധവുമുണ്ടായിരുന്നുവോ ?

Dr. A. R. Menon *(Minister for Rural Development)*: Rules do not allow that.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : മിസ്റ്റർ കൃഷ്ണൻകുട്ടിമേനോൻ പഞ്ചായത്തു പ്രസിഡൻറായതിനു ശേഷം അദ്ദേഹംതന്നെ പ്രസിഡൻറായിരിക്കണമെന്നു് എല്ലാ മെമ്പർമാരും അഭിപ്രായപ്പെട്ടിട്ടില്ലേ ?

ഡോക്ടർ എ. ആർ. മേനോൻ : ഉണ്ടായിരിക്കണം. നോട്ടീസ്സു കൂടാതെ പറയുവാൻ സാധിക്കയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൃഷ്ണൻകുട്ടിമേനോനെ പഞ്ചായത്തു് കോട്ടു് പ്രസിഡണ്ടാക്കിയതിനെ സംബന്ധിച്ചു് ഗവമ്മെൻറിലേക്കു് വല്ല ആക്ഷേപവും കിട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: കിട്ടീട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഞ്ചായത്തിൽ റസല്യൂഷൻ പാസ്സാക്കി ഗവൺമെൻറിലേക്കയച്ചിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഇല്ല.

മിസ്റ്റർ വി. കെ. കൂട്ടി: പഞ്ചായത്തുകാർ തിരഞ്ഞെടുത്തിട്ടല്ലെ അങ്ങേഥം പഞ്ചായത്തു് പ്രസിഡണ്ടായതു"?

ഡോക്ടർ എ. ആർ. മേനോൻ: അതെ.

NOMINATIONS—VELUKKARA PANCHAYAT

65. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറു് സദയം മറുപടി പറയുമോ.—

(എ) വേളക്കര പഞ്ചായത്തിലേക്കു തിരഞ്ഞെടുക്കപ്പെട്ടവരിൽ സവർണർ എത്ര; ക്രസ്ത്യാനികൾ എത്ര; ഈഴവർ എത്ര;

(ബി) നോമിനേറ്റുചെയ്ത മെമ്പർമാരിൽ സവർണർ എത്ര; അവർണർ എത്ര; അഹിന്ദു എത്ര;

(സി) ഈ നോമിനേഷനുവേണ്ടി മുസ്ലിം സമുദായത്തിൽ നിന്നും അവശസമുദായങ്ങളിൽനിന്നും അധഃകൃത സമുദായങ്ങളിൽ നിന്നും എത്ര അപേക്ഷകൾ അധികൃതസ്ഥാനങ്ങളിൽ കിട്ടീട്ടുണ്ടു";

(ഡി) തിരഞ്ഞെടുപ്പിനു നിന്നു മത്സരിക്കുവാൻ ശക്തിയില്ലാത്ത ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നും അധഃകൃതസമുദായങ്ങളിൽ നിന്നും ആരേയും നോമിനേറ്റു ചെയ്യാതിരിപ്പാൻ വല്ല കാരണവും ഉണ്ടെങ്കിൽ അവകൾ എന്തെല്ലാം?

ഡോക്ടർ എ. ആർ. മേനോൻ: (എ) സവർണൻ ൧; ക്രസ്ത്യാനികൾ ൨; ഈഴവർ ൨.

(ബി) സവർണർ ൨; അവർണൻ ഇല്ല; അഹിന്ദു ഇല്ല.

(സി) മുസ്ലിം സമുദായത്തിൽ നിന്നു് ൧; അവശസമുദായങ്ങളിൽ ഈഴവരിൽ നിന്നു് ൧; അധഃകൃതസമുദായത്തിൽ നിന്നും അപേക്ഷകൾ ഇല്ല.

(ഡി) ഏതു സമുദായത്തിനാണു പ്രാതിനിദ്ധ്യം പോരാ എന്നു ചോദ്യത്തിൽ പ്രത്യേകം പറഞ്ഞിട്ടില്ലാത്തതിനാൽ ഉത്തരം പറയുന്നതിനു നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പടന്ന സമുദായത്തിൽ നിന്നും അപേക്ഷ കിട്ടീട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: കിട്ടീട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മുസ്ലിം സമുദായത്തിൽനിന്നു് അപേക്ഷ കിട്ടീട്ടു് ആ സമുദായം തിരെ പ്രതിനിധീകരിക്കാത്ത ഈ പഞ്ചായത്തിൽ അവരെ നോമിനേറ്റു് ചെയ്യാതിരിക്കുവാൻ കാരണമെന്താണു"?

LIBRARY ARCHIVES Kerala Legislative Assembly